പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ. 951

08-01-2014-ലെ മറുപടിയ്ക്ക്

## തൊഴിൽ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ

**ചോദ്യം**

ശ്രീ. ആർ. രാജേഷ് :

**ഉത്തരം**

ശ്രീ. ഷിബു ബേബിജോൺ
(ബഹു. തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി)

(എ) തൊഴിൽ വകുപ്പ് നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ ഏതെല്ലാം;

(എ)
ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ്

കശുവണ്ടി ഫാക്ടറികൾ ഏറെയും കേന്ദ്രീകരിച്ചിരിക്കുന്ന കൊല്ലം കേന്ദ്രമാക്കി ഒക്കുപ്പേഷണൽ ഹെൽത്ത് സെന്ററിന്റെ നിർമ്മാണം ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിൽ പദ്ധതിയിനത്തിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു. ടി സെന്റർ യാഥാർത്ഥ്യമാകുന്നതോടെ വിവിധ തൊഴിൽജന്യ രോഗങ്ങൾ കണ്ടെത്തുവാനും ആവശ്യമായ വൈദ്യസഹായം നിർദ്ദേശിക്കുവാനും കഴിയും. സെന്ററിന്റെ നിർമ്മാണത്തിനായി 250 ലക്ഷം രൂപ നടപ്പു സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. മൂന്ന് നിലകളുള്ള കെട്ടിടത്തിന്റെ രണ്ട്നിലകളുടെ കോൺക്രീറ്റ് ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്. കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ മേൽനോട്ടത്തിൽ നിർമ്മാണ പ്രവത്തനങ്ങൾ സമയപട്ടിക പ്രകാരം പുരോഗമിച്ചുവരുന്നു. ടി സെന്റർ 2014-ൽ കമ്മീഷൻ ചെയ്യാൻ കഴിയും.

എംപ്ളോയ്മെന്റ് വകുപ്പ്

എംപ്ളോയ്മെന്റ് എക്സ്ചേഞ്ചുകളുടെ കമ്പ്യൂട്ടർവൽക്കരണവും ജീവനക്കാരുടെ പരിശീനവും, മൾട്ടിപർപ്പസ് ജോബ് ക്ളബ്ബുകൾ, രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതരായ വിധവകൾ/ഉപേക്ഷിക്കപ്പെട്ടവർ/വേർപിരിഞ്ഞവർ/ അവിവാഹിതർ/വിവാഹം കഴിക്കാത്ത അമ്മമാർ എന്നിവർക്കായുള്ള സ്വയം തൊഴിൽ പദ്ധതി, സ്റ്റേറ്റ് വൊക്കേഷണൽ യൂണിറ്റ് ശക്തിപ്പെടുത്തൽ, എംപ്ളോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ളോയബിലിറ്റി ഡെവലപ്പ്മെന്റ് കേന്ദ്രങ്ങളും മികവിന്റെ കേന്ദ്രങ്ങളുമാക്കി മാറ്റൽ എന്നീ 5 പദ്ധതികളാണ് എംപ്ളോയ്മെന്റ് വകുപ്പ് വഴി നടപ്പിലാക്കിവരുന്നത്.

**വ്യാവസായിക പരിശീലന വകുപ്പ്**

വ്യാവസായിക പരിശീലന വകുപ്പിൽ സ്ഥിരം പദ്ധതികൾ കൂടാതെ പരിശീലനാർത്ഥികളുടെ ഉന്നമനം ലക്ഷ്യം വച്ചുകൊണ്ട് താഴെപ്പറയുന്ന പദ്ധതികൾ ഇപ്പോൾ നടപ്പിലാക്കിവരുന്നു.

1. **ബയോമെട്രിക് അറ്റൻഡൻസ്**

വകുപ്പിന്റെ കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലെയും ജീവനക്കാർക്കും പരിശീലനാർത്ഥികൾക്കും ബയോ മെട്രിക് സംവിധാനത്തിലൂടെ ഹാജർ രേഖപ്പെടുത്തുവാനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു.

2. **പോഷകാഹാര പദ്ധതി**

ഈ വർഷം മുതൽ സർക്കാർ ഐ.ടി.ഐ.കളിൽ മെക്കാനിക്കൽ ട്രേഡുകളിൽ പരിശീലനം നടത്തുന്ന ട്രെയിനികൾക്കായി പോഷകാഹാര പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിൻ പ്രകാരം ആഴ്ചയിൽ 3 ദിവസം ട്രെയിനികൾക്ക് ഒരു മുട്ട, ഒരു ഗ്ലാസ് പാൽ എന്നിവ നൽകുവാനാണ് ലക്ഷ്യം വയ്ക്കുന്നത്.

2. സംസ്ഥാന തൊഴിൽ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) വ്യത്യസ്ത തൊഴിൽ പരിശീലന മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതികൾ പൂർത്തീകരിച്ചു വരുന്നു. പ്രധാനമായുംഇതുവഴി ലക്ഷ്യമിടുന്ന പദ്ധതികൾ;

എ) നിർമ്മാണ മേഖലയിൽ Indian Institute of Infrastructure and Construction (IIIC) കൊല്ലം ജില്ലയിലെ ചവറയിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ പുരോഗമിച്ചുവരുന്നു.

ബി) സെക്യൂരിറ്റി മേഖലയിൽ വിദഗ്ദ്ധ തൊഴിൽ പരിശീലനം നൽകി രാജ്യത്തിനകത്തും, പുറത്തും തൊഴിൽ ഉറപ്പാക്കുന്നതിനുള്ള പദ്ധതിക്ക് ധാരാണാപത്രം ഒപ്പുവച്ചു. പദ്ധതികൾ നടപ്പാക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

സി) നഴ്സിംഗ്, ഓയിൽ ആന്റ് ഗ്യാസ്, ഹൈ ടെക് ഓട്ടോമിഷൻ, റീട്ടെയിൽ, ഓട്ടോമൊബൈൽ, ടൂറിസം, ഹോസ്പിറ്റാലിറ്റി, ഫിനാൻസ് ആന്റ് ബാങ്കിംഗ് എന്നീമേഖലകളിൽ വിവിധങ്ങളായ വൈദഗ്ധ്യ വികസന പദ്ധികൾ പുരോഗമിച്ചുവരുന്നു.

**തൊഴിൽ വകുപ്പ്**

തൊഴിൽ വകുപ്പ് മുഖേന നിലവിൽ താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. അസംഘടിത മേഖലയിലെ തൊഴിലിനുള്ള സഹായം
2. എസ്റ്റേറ്റ് വർക്കേഴ്സ് ഡിസ്ട്രസ് റിലീഫ്
3. അവശതയനുഭവിക്കുന്ന മരംകയറ്റ തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി
4. കേരളത്തിലെ ഗാർഹിക തൊഴിലാളികൾക്കുള്ള ക്ഷേമപദ്ധതി
5. അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യങ്ങൾ
6. രാഷ്ട്രീയ സ്വാസ്ത്യ ബീമാ യോജന
7. സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി
8. ആം ആദ്മി ബീമാ യോജന
9. പരമ്പരാഗത മേഖലയിലെ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് വരുമാന സഹായം.
10. അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് സാമൂഹ്യ സുരക്ഷാ പദ്ധതി
11. വേതനം ഇ-പേയ്മെന്റ്
12. അന്യസംസ്ഥാന തൊഴിലാളി പുനരനധിവാസ പദ്ധതി
13. എസ്റ്റേറ്റ് തൊഴിലാളി പുനരധിവാസ പദ്ധതി.

(ബി) നിയോജക മണ്ഡലാടിസ്ഥാനത്തിൽ സ്ഥലം ഏറ്റെടുത്ത് നൽകേണ്ട പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; ഓരോ പദ്ധതിക്കും ആവശ്യമായ സ്ഥലത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനായി സ്ഥലം ഏറ്റെടുത്ത് നൽകേണ്ട പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ഓരോ പദ്ധതിക്കും ആവശ്യമായ സ്ഥലത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(ബി), (സി) ആന്റ് (ഡി)

**തൊഴിൽ വകുപ്പ്**

സംസ്ഥാനത്ത് നടപ്പാക്കുന്ന അന്യസ്ഥാന തൊഴിലാളി പുനരധിവാസ പദ്ധതി, എസ്റ്റേറ്റ് തൊഴിലാളി പുനരധിവാസ പദ്ധതി എന്നീ പദ്ധതികൾക്ക് അനുയോജ്യമായ സ്ഥലം കണ്ടെത്തി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. സർക്കാരിന്റെ 21-12-2013-ലെ സ.ഉ.(സാധാ) 2667/13/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം കുടിയേറ്റ തൊഴിലാളികളുടെ ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനോ എസ്റ്റേറ്റ് തൊഴിലാളി പുനരധിവാസ പദ്ധതിയുമായി (ഭവനം പദ്ധതിയുമായി) ബന്ധപ്പെട്ട് ഉപയോഗിക്കുന്നതിനോ താഴെപ്പറയുന്ന സ്ഥലങ്ങൾ എറ്റെടുക്കാവുന്നതാണെന്ന് തീരുമാനിച്ചിട്ടുണ്ട്.

1. കഴക്കൂട്ടം - 45 സെന്റ്
2. പരവൂർ - 34 സെന്റ്
3. കരിപ്പൂർ - 2.34 ഏക്കർ
4. മൂവാറ്റുപുഴ - 1.61 ഏക്കർ
5. കൊടുങ്ങല്ലൂർ - 1.64 ഏക്കർ
6. വെങ്ങാനൂർ - 3.95 ഏക്കർ

പ്രസ്തുത സ്ഥലങ്ങളിൽ യോഗ്യമായവ തെരഞ്ഞെടുത്ത് മേൽ പദ്ധതിക്കുവേണ്ടി ഉപയോഗിക്കുന്നതിനും അതിന്റെ നിശ്ചിത തുക കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന് നൽകുന്നതിനും സ്ഥലം ഏറ്റെടുക്കുന്നതിനും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

<u>വ്യാവസായിക പരിശീലന വകുപ്പ്</u>

ഐ.ടി.ഐ.സ്ഥാപിക്കുന്നതിന് വിവിധ ജില്ലകളിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ സ്ഥലം ലഭ്യമാക്കുന്നതിന്റെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. (Appended)

International Skills Summit നൈപുണ്യം 2014-ന്റെ ഭാഗമായി വിവിധ സ്കിൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ തുടങ്ങുന്നതിന് അനുയോജ്യമായ സ്ഥല സൗകര്യങ്ങൾ ലഭ്യമാക്കുവാൻ എല്ലാ നിയോജക മണ്ഡലങ്ങളിലും അഭ്യർത്ഥിച്ചിട്ടുണ്ട്. എല്ലാ നിയോജക മണ്ഡലങ്ങളിലും അനുയോജ്യമായ സ്ഥലസൗകര്യങ്ങൾ പരിശോധിച്ച് സ്ഥല ലഭ്യതയ്ക്ക് അനുസരിച്ച് തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതികൾക്ക് രൂപം നൽകാനാണ് നൈപുണ്യം ലക്ഷ്യമിടുന്നത്.

കൊല്ലം ജില്ലയിലെ ചവറയിൽ 9.025 ഏക്കറിൽ Indian Institute of Infrastructure and Construction (IIIC) സ്ഥാപിക്കുന്നതിലേക്കായി നടപടികൾ പൂർത്തിയായി. തിരുവനന്തപുരം ജില്ലയിലെ ടെക്നോസിറ്റിയിൽ 5 ഏക്കർ സ്ഥലത്ത് Security Skill Academy -യും ടെക്നോപാർക്കിൽ ഒരു ഏക്കർ സ്ഥലത്ത് നഴ്സിംഗ് അക്കാദമിയും സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ പുരോഗമിച്ചുവരുന്നു.

വ്യാവസായിക പരിശീലന വകുപ്പിൽ ഐ.ടി.ഐ.കളാണ് സ്ഥാപിക്കുന്നത്. ടി സ്ഥാപനം സ്ഥാപിക്കുന്നതിന് ഡയറക്ടർ ജനറൽ ഓഫ് എംപ്ളോയ്മെന്റ് ആന്റ് ട്രെയിനിംഗ്-ന്റെ നിർദ്ദേശം അനുസരിച്ച് പട്ടണ പ്രദേശങ്ങളിൽ 1.5 ഏക്കറും ഗ്രാമ പ്രദേശങ്ങളിൽ 2 ഏക്കർ സ്ഥലവുമാണ് ആവശ്യമുള്ളത്. കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസ് നടത്തുന്ന പദ്ധതികൾക്കാവശ്യമായ സ്ഥല സൗകര്യങ്ങളുടെ രൂപരേഖ തയ്യാറാക്കി വരുന്നു.

Sreekala S

**സെക്ഷൻ ഓഫീസർ**

അനുബന്ധം.

| ഐ.ടി.ഐ | നിയോജകമണ്ഡലം |
|---|---|
| മെഴുവേലി | പത്തനംതിട്ട |
| റാന്നി | പത്തനംതിട്ട |
| കായംകുളം | കായംകുളം |
| പുറക്കാട് | അമ്പലപ്പുഴ |
| വയലാർ | ചേർത്തല |
| തിരുവാർപ്പ് | ഏറ്റുമാനൂർ |
| ചങ്ങനാശ്ശേരി (വനിത) | ചങ്ങനാശ്ശേരി |
| പെരുവ | കടുത്തുരുത്തി |
| കഞ്ഞിക്കുഴി | ഇടുക്കി |
| മരട് | തൃപ്പൂണിത്തുറ |
| ആരക്കുഴ | മൂവാറ്റുപുഴ |
| വേങ്ങൂർ | പെരുമ്പാവൂർ |
| ഏറിയാട് | കൈപ്പമംഗലം |
| ചേർപ്പ് | നാട്ടിക |
| നെന്മാറ | നെന്മാറ |
| മാറാഞ്ചേരി | പൊന്നാനി |
| പുഴക്കാട്ടിരി | മങ്കട |
| ചെറിയമുണ്ടം | താന്നൂർ |
| താഴേക്കോട് | പെരുന്തൽമണ്ണ |
| ബേപ്പൂർ | ബേപ്പൂർ |
| തിരുവമ്പാടി | തിരുവമ്പാടി |
| മണിയൂർ | കുറ്റ്യാടി |
| വടകര | കുറ്റ്യാടി |
| വളയം | നാദാപുരം |
| നെൻമേനി | സുൽത്താൻബത്തേരി |
| കുറുമാത്തൂർ | തളിപ്പറമ്പ് |
| പെരിങ്ങോം | പയ്യന്നൂർ |
| സീതാംഗോളി | മഞ്ചേശ്വരം |
| വെസ്റ്റ് എളേരി | തൃക്കരിപ്പൂർ |

Sreekala.S.

സെക്ഷൻ ഓഫീസർ